കേരള സർക്കാർ

<u>സംഗ്രഹം</u>

ഗതാഗത വകുപ്പ് - ജീവനക്കാര്യം - ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗതാഗത(സി) വകുപ്പ്

**സ.ഉ.(സാധാ) നം.309/2020/ഗതാഗതം** തീയതി, തിരുവനന്തപുരം, 29/09/2020

പരാമർശം:- 1 03.06.1999 ലെ 5328/റൂൾസ്-1/99/P&ARD നമ്പർ പരിപത്രം.

2 സ.ഉ.(അച്ചടി) നമ്പർ.28/2020/ഗതാഗതം തീയതി.02.06.2020.

3 സ.ഉ.(സാ.ധാ) നമ്പർ.251/2020/ഗതാഗതം തീയതി.03.08.2020.

4 ട്രാൻസ്പോർട്ട് കമ്മീഷണറുടെ 26.08.2020-ലെ A1/45/2020-TC-നമ്പർ കത്ത്

<u>ഉത്തരവ്</u>

പരാമർശം (3) പ്രകാരമുള്ള ഉത്തരവ് പ്രകാരം ശ്രീ.എം.പി.അജിത്കുമാറിന് സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സേഷൻ) തസ്തികയിൽ പ്രൊമോഷൻ അനുവദിക്കുകയും 07.08.2020 A.N-ന് ടിയാൻ ചാർജ്ജെടുക്കുകയും ചെയ്തിട്ടുണ്ട് എന്നും മോട്ടോർ വാഹന വകുപ്പിൽ 01.05.2020 മുതൽ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) തസ്തികയിൽ ഒഴിവ് വന്നിട്ടുണ്ടെന്നും സേഫ് കേരള പദ്ധതി നിലവിൽ വന്നതോടുകൂടി ടി തസ്തികയിലെ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യം വളരെ അനിവാര്യമായ സാഹചര്യവുമാണ് എന്നും ആയതിനാൽ 30.04.2020-ൽ ശ്രീ.ഷാജി ജോസഫ്, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) റിട്ടയർ ചെയ്ത ഒഴിവിലേക്ക് 31.12.2020-ൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സേഷൻ) ആയ ശ്രീ.എം.പി.അജിത്കുമാറിന് പരാമർശം (1) പ്രകാരമുള്ള പരിപത്രം പ്രകാരം താൽക്കാലിക സ്ഥാനക്കയറ്റം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം എന്നും പരാമർശം (4) പ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2) സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിക്കുകയും 30.04.2020-ൽ ശ്രീ.ഷാജി ജോസഫ്, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) വിരമിച്ച ഒഴിവിലേക്ക് പരാമർശം (2) പ്രകാരമുള്ള ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഏറ്റവും സീനിയർ ആയ, 31.12.2020-ൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സേഷൻ) ശ്രീ.എം.പി.അജിത് കുമാറിന് ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) ആയി താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ ആർ ജ്യോതിലാൽ**

**പ്രിൻസിപ്പൽ സെക്രട്ടറി**

ട്രാൻസ്പോർട്ട് കമ്മീഷണർ, തിരുവനന്തപുരം.

ശ്രീ.എം.പി.അജിത് കുമാർ, സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സേഷൻ)

(ട്രാൻസ്പോർട്ട് കമ്മീഷണർ മുഖേന)

അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം.

ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്. (ട്രാൻസ്പോർട്ട് കമ്മീഷണർ മുഖേന)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by ANJU P K
Date: 2020.09.30 14:36:44 IST
Reason: Approved

സെക്ഷൻ ഓഫീസർ

ബഹ.മുഖ്യമന്ത്രിയുടെ പി.എസ് ന്

ബഹ.ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ് ന്

ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.ക്കു